കൂടാതെ ചെക്കു ഡാം നിർമ്മാണത്തിന് പ്രാഥമികാനുമതി ലഭിച്ചിട്ടുണ്ട്.

9 (*219) 60 വയസ്സ് കഴിഞ്ഞ എല്ലാ കർഷകർക്കും പെൻഷൻ

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി തൊഴിലായി സ്വീകരിക്കുകയും സാമ്പത്തികമായി പിന്നോക്കം നിൽക്കുകയും ചെയ്യുന്ന 60 വയസ്സ് കഴിഞ്ഞ എല്ലാ കർഷകർക്കും കർഷക പെൻഷൻ നൽകാൻ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനു വേണ്ടി അടിയന്തിരമായി നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)&(ബി) കർഷകരുടെ ക്ഷേമം മുൻനിർത്തിയുള്ള ഒരു ബൃഹത്തായ പെൻഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

10 (*220) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

ശ്രീ. തമ്പാനൂർ രവി :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) യാത്രാനിരക്കുകൾ വർദ്ധിപ്പിച്ചപ്പോൾ യാത്രക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഹൈ-ടെക് ബസുകൾ നിരത്തിലിറക്കുകയുണ്ടായോ;

(ഡി) അതുമൂലം ഉണ്ടായ ഗുണപരമായ മാറ്റം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സ്കൂൾ സമയത്ത് കൂടുതൽ ബസ്സുകൾ ഫാസ്റ്റ് സർവ്വീസ് നടത്തുന്നതുമൂലം വിദ്യാർത്ഥികൾക്ക് യാത്രാദുരിതമുണ്ടാക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു)

(എ) ദേശസാൽകൃത മേഖലയിലേയും, യാത്രക്കാരുടെ തിരക്ക് കൂടുതലുള്ളതും കൂടുതൽ വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly